ദന്തഡോക്ടർമാരുടെ കുറവ് നികത്താൻ നടപടി

183 (3373) ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ദന്തരോഗികളുടേയും വായിൽ കാൻസർ ബാധിച്ച രോഗികളുടേയും എണ്ണം ക്രമാതീതമായി പെരുകിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ആരോഗ്യവകുപ്പിൽ ദന്തഡോക്ടർമാർ കുറവായതിനാൽ ഇത്തരം രോഗികൾക്ക് ഭീമമായ തുക മുടക്കി സ്വകാര്യ ദന്തഡോക്ടർമാരെ അഭയം പ്രാപിക്കേണ്ടിവരുന്ന സ്ഥിതിവിശേഷം പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) ദന്തഡോക്ടർമാരുടെ തൊഴിലില്ലായ്മ രൂക്ഷമാണെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) താലൂക്ക് ആശുപത്രികളിലും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലും ദന്തഡോക്ടർമാരെ നിയമിക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇപ്രകാരം ഒരു സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഉണ്ട്.

(ഡി) സാമ്പത്തിക പരിധിക്കുള്ളിൽ നിന്നുകൊണ്ട് ഇക്കാര്യം പരിഗണിക്കാവുന്നതാണ്.

പി. എച്ച്. സെന്റർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്താൻ നടപടി

184 (3374) ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂവാറ്റുപുഴ പണ്ടപ്പിള്ളി പി.എച്ച്. സെന്റർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ ;

(ബി) പ്രസ്തുത പി. എച്ച്. സെന്ററിൽ എന്തെല്ലാം ചികിത്സാ സൗകര്യങ്ങൾ നിലവിലുണ്ട് ;

(സി) എത്ര ഡോക്ടർമാരുടെ പോസ്റ്റ് ഇവിടെ ഉണ്ട് ; ഇപ്പോൾ ഡോക്ടർമാരുടെ എത്ര ഒഴിവുണ്ട് ;

(ഡി) അവ നികത്താൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ വർഷം പി. എച്ച്. സികളെ അപ്ഗ്രേഡ് ചെയ്ത് കൂട്ടത്തിൽ പണ്ടപ്പിള്ളി പി. എച്ച്.സി. ഉൾപ്പെടുന്നില്ല. എന്നാൽ അടുത്ത വർഷം പി.എച്ച്.സി.-കളെ സി.എച്ച്.സി. ആക്കി ഉയർത്തുന്ന കാര്യം പരിഗണിക്കുമ്പോൾ പണ്ടപ്പിള്ളി പി.എച്ച്.സിയുടെ കാര്യവും പരിശോധിക്കുന്നതാണ്.

(ബി) ഔട്ട്പേഷ്യന്റ് സൗകര്യം, ലബോറട്ടറി സൗകര്യം, നേത്രരോഗ ചികിത്സാ സൗകര്യം.

(സി) മൂന്ന് ഡോക്ടർമാരുടെ പോസ്റ്റുണ്ട്, അതിൽ രണ്ടെണ്ണം ഒഴിഞ്ഞു കിടക്കുന്നു.

(ഡി) ഒഴിവുകൾ നികത്താൻ നടപടി സ്വീകരിച്ചു വരുന്നു.

താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താൻ നടപടി

185 (3375) ശ്രീ. ആന്റണി രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റീജിയണൽ കാൻസർ സെന്ററിൽ താൽക്കാലിക അടിസ്ഥാനത്തിൽ ജോലിനോക്കുന്ന എത്ര ജീവനക്കാരുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) അതിൽ റേഡിയോളജി വിഭാഗത്തിൽ എത്ര ജീവനക്കാരുണ്ട് ; അവർ എത്ര വർഷമായി ജോലിയിൽ തുടരുന്നുണ്ടെന്ന് വിശദമാക്കാമോ ;

(സി) ഇവരെ അതത് തസ്തികകളിൽ സ്ഥിരപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 123 പേർ

(ബി) റേഡിയോളജി വിഭാഗത്തിൽ മാത്രമായി പത്തുപേരുണ്ട്. അവർ ഓരോരുത്തരും എത്ര വർഷമായി ജോലിയിൽ തുടരുന്നു എന്നുള്ളതിന്റെ വിശദാംശം ചുവടെചേർക്കുന്നു :-

1. ശ്രീമതി മഹേശ്വരി ജെ., 19-9-1989 മുതൽ തുടർച്ചയായി
2. ശ്രീമതി മിനി വി. എൻ., 1-10-1994 മുതൽ തുടർച്ചയായി
3. ശ്രീമതി ശുഭ ബി., 2-4-1996 മുതൽ 31-3-99 വരെ, 6-4-1999 മുതൽ തുടർച്ചയായി
4. ശ്രീമതി സിന്ധു എസ്. എസ്., 1-10-1996 മുതൽ 31-3-1997 വരെ, 21-4-1997 മുതൽ 20-5-1997 വരെ, 4-6-1997 മുതൽ 4-8-1997 വരെ, 1-10-1997 മുതൽ 31-3-1999 വരെ, 3-4-1999 മുതൽ തുടർച്ചയായി.
5. ശ്രീമതി സരിത വി. എസ്., 18-3-1996 മുതൽ 1-5-1997 വരെ, 8-5-1997 മുതൽ 18-8-1997 വരെ, 27-11-1997 മുതൽ 9-4-1999 വരെ 13-4-1999 മുതൽ തുടർച്ചയായി.

LIBRARY ARCHIVES Kerala Legislative Assembly